# കണ്ണാടി പ്രതിഷ്ഠ: ഒരു മനഃശാസ്ത്ര വിശകലനം

**ലെജ വി.ആർ.**
ഗസ്റ്റ് അദ്ധ്യാപിക, മലയാള വിഭാഗം,
ആർ.ജി.എം. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, അട്ടപ്പാടി.

കേരളത്തിൽ നിലനിന്നിരുന്ന ജന്മി വ്യവസ്ഥയുടെ ക്രൂരതകൾ അനുഭവിക്കേണ്ടി വന്ന ഒരു ജനതയുടെ മനസ്സിൽ കാലങ്ങളായി ഉറഞ്ഞുകൂടിയ വിദ്വേഷം കേരളത്തിലെ സാമൂഹികാന്തരീക്ഷത്തിൽ ഒരു മാററം സൃഷ്ടിക്കുവാൻ പര്യാപ്തമായിരുന്നു. ജാതിവ്യവസ്ഥയുടെയും അനാചാരങ്ങളുടെയും മറ്റും കാലഹരണപ്പെട്ട ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് മാനവികതയിലധിഷ്ഠിതമായ പുതിയൊരു മൂല്യബോധത്തിലേക്കാണ് നമ്മുടെ സമൂഹം വളർന്നത്. നാട്ടുവാഴി വിരുദ്ധ പോരാട്ടങ്ങളിലൂടെയാണ് കേരളം പുതിയൊരു ജനാധിപത്യ വ്യവസ്ഥിതിയിലേയ്ക്ക് എത്തിച്ചേർന്നത്. ഇത്തരം സംഘർഷങ്ങളാണ് കേരളത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉദയത്തിന് വഴിതെളിയിച്ചത്. ''കേരളത്തിന്റെ സാമൂഹിക രൂപീകരണത്തെയും ചരിത്രഗതിയെയും നിർണ്ണയിച്ച പ്രധാന ഘടകം നവോത്ഥാന പ്രസ്ഥാനമാണ്.''[1] പത്തൊമ്പത് - ഇരുപത് നൂററാണ്ടുകളിൽ ജാതിമേധാവിത്വത്തിനും പ്രാകൃതങ്ങളായ അനാചാരങ്ങൾക്കമെതിരെ രൂക്ഷമായി പടപൊരുതിയ ഈ പ്രസ്ഥാനം ആധുനിക കേരളീയ സമൂഹത്തിൽ പുതിയൊരു ചിന്താസരണി രൂപപ്പെടുത്തി. ഒപ്പം ബ്രാഹ്മണ മേധാവിത്വത്തിനും ജാതീയമായ അനാചാരങ്ങൾക്കുമെതിരെ ഒരു കീഴാള നവോത്ഥാനപ്രസ്ഥാനവും ഉയർന്നുവന്നു.

കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന്റെ നായകസ്ഥാനം ശ്രീനാരായണ ഗുരുവിൽ നിക്ഷിപ്തമാണെങ്കിലും അതിനുമുമ്പേ

മാററങ്ങൾക്കുവേണ്ടി പരിശ്രമിച്ച ഗുരുക്കന്മാർ നമുക്കുണ്ടായിരുന്നു. തൈക്കാട്ട് അയ്യാ, വൈകുണ്ഠസ്വാമികൾ, ആറാട്ടുപുഴ വേലായുധപ്പണിക്കർ തുടങ്ങിയവർ നാരായണഗുരുവിനെ സ്വാധീനിച്ചു. സവർണ്ണമേധാവിത്വത്തിനും ജാത്യാന്ധതക്കുമെതിരെ അവർ ഉയർത്തിയ ആദർശങ്ങൾ പിൻഗാമികളായ നവോത്ഥാന പ്രവർത്തകർക്ക് പ്രചോദനമായിരുന്നു. "കേരളീയ നവോത്ഥാനം ഏകശിലാത്മകവും ഏകമുഖവുമായ ഒരു സാംസ്കാരിക മുന്നേററമായിരുന്നില്ല."[2] ബഹുമുഖമായ ഈ പോരാട്ടത്തിൽ ഒരു നിർണ്ണായക ഘടകമായിത്തീർന്നത് കണ്ണാടി പ്രതിഷ്ഠയാണ്. കീഴാള നവോത്ഥാനപ്രസ്ഥാനത്തിന്റെ ശക്തനായ വിപ്ലവകാരിയായ വൈകുണ്ഠസ്വാമികളാണ് കേരളത്തിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയത്. അന്ധവിശ്വാസത്തിന്റെയും, അനാചാരത്തിന്റെയും, ചൂഷണത്തിന്റെയും, നിസ്സഹായതയുടെയും ഇരുളിൽ അമർന്നിരുന്ന ജനതയെ ആത്മാഭിമാനത്തിന്റെ പാതയിലേയ്ക്കു നയിച്ചത് അദ്ദേഹമാണ്. സവർണ്ണാധിപത്യത്തെയും, ജാതിമേധാവിത്വത്തെയും വെല്ലുവിളിച്ചുകൊണ്ട്, അക്കാലത്ത് നിലവിലിരുന്ന ആരാധനാ സമ്പ്രദായങ്ങളിൽ സ്വാമികൾ മാററംവരുത്തി. ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ട അവർണ്ണർക്കുവേണ്ടി അദ്ദേഹം നിഴൽ തങ്കലുകളും പതികളും സ്ഥാപിച്ചു. സ്വാമികൾ നടപ്പിലാക്കിയ ബദൽ ആരാധനാ രീതിയിൽ വിപ്ലവകരമായ പരിഷ്കാരമായിരുന്നു കണ്ണാടി പ്രതിഷ്ഠ. സ്വാമികൾക്കുശേഷം കേരളത്തിലുടനീളം ക്ഷേത്രങ്ങൾ സ്ഥാപിച്ച് കണ്ണാടിപ്രതിഷ്ഠ സാർവ്വജനീനമാക്കിയത് ശ്രീനാരായണ ഗുരുവാണ്.

മലയാളികളെ, പ്രത്യേകിച്ച് അവർണ്ണരെ, സ്വയം തിരിച്ചറിയുവാനും അവന്റെ സ്വത്വബോധത്തിലേക്ക് ഉയരുവാനും സഹായിച്ച കണ്ണാടിപ്രതിഷ്ഠയുടെ അർത്ഥതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയാണ് ഈ പ്രബന്ധത്തിൽ.

കണ്ണാടി പ്രതിഷ്ഠ : ഒരു മനഃശാസ്ത്രവിശകലനം

വീക്ഷിക്കുന്നയാളെ വളരെ വ്യക്തമായും യഥാതഥമായും പ്രതിഫലിപ്പിക്കുന്ന 'perfect imitator' ആണ് കണ്ണാടി. നമ്മുടെ രൂപത്തെ മാത്രമല്ല, ഭാവത്തെയും അതു പ്രതിഫലിപ്പിക്കുന്നു. സ്വത്വബോധത്തിന്റെയും സ്വയം തിരിച്ചറിയിലിന്റെയും ആവിഷ്കാരമാണ് കണ്ണാടി നിർവ്വഹിക്കുന്നത്. അതുകൊണ്ടുതന്നെ മനഃശാസ്ത്രപഠനത്തിൽ കണ്ണാടിക്ക് ഏറെ പ്രാധാന്യവുമുണ്ട്.

മനുഷ്യജീവിതത്തിലെ 'കണ്ണാടി ഘട്ട'ത്തെക്കുറിച്ച് ഒരു സിദ്ധാന്തം രൂപീകരിച്ചതും അവതരിപ്പിച്ചതും ജാക്വിസ് ലകാൻ (1901-1981)

ആണെങ്കിലും സിഗ്മണ്ട് ഫ്രോയിഡിന്റെ സിദ്ധാന്തങ്ങളാണ് ലകാനെ സ്വാധീനിച്ചത്. കണ്ണാടിയിലൂടെ പ്രതിഫലിക്കുന്നത് തന്റെതന്നെ വ്യക്തിത്വമാണെന്ന് ഫ്രോയിഡ് തന്റെ മാനസികവിശ്ലേഷണ സിദ്ധാന്തത്തിലൂടെ അവതരിപ്പിച്ചു. ഒരാളുടെ വ്യക്തിത്വം രൂപപ്പെടുന്നത് മൂന്നു ഘടകങ്ങളിലൂടെയാണെന്നും അവയെ ഇഡ് (അബോധ മനസ്സ്), ഇഗോ (ബോധമനസ്സ്), സൂപ്പർ ഇഗോ(ഉപബോധ മനസ്സ്) എന്നും അദ്ദേഹം വിളിച്ചു. ഈ മൂന്നിനും സ്വന്തമായ പ്രവർത്തനരീതികളും ഗുണങ്ങളും തനതായ നിലനില്പുമുണ്ട്. ഇവ തമ്മിൽ പരസ്പരം ബന്ധപ്പെട്ടുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവയുടെ അന്യോന്യമുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഒരു വ്യക്തിയുടെ സ്വഭാവം രൂപപ്പെടുന്നത്.

മനുഷ്യന്റെ എല്ലാ ആന്തരിക ചോദനകളും ഉത്ഭവിക്കുന്നത് ഇഡിൽ നിന്നാണ്. ഇഗോയുടെയും, സൂപ്പർ ഇഗോയുടെയും നിലനില്പും പ്രവർത്തനവും രൂപപ്പെടുന്നതും ഇഡിനെ അടിസ്ഥാനപ്പെടുത്തിയാണ്. മാനസിക ശക്തിയുടെ യഥാർത്ഥ ഉറവിടമായ ഇഡ് ആണ് ഒരു വ്യക്തിയുടെ അനുഭവങ്ങളെ അയാൾ അറിയാതെ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ബാഹ്യമായ ഒന്നിനോട് താല്പര്യം തോന്നുമ്പോൾ ഉണരുകയും താല്പര്യമില്ലാതാകുമ്പോൾ പിൻവലിയുകയും ചെയ്യുന്ന രീതിയാണ് ഇഡിനുള്ളത്.

നാം 'അഹം' എന്നു വിളിക്കുന്ന വ്യക്തിസത്തയാണ് ഇഗോ. ബോധമനസ്സിന്റെ കേന്ദ്രബിന്ദു. ഇഡിൽ നിന്നുയരുന്ന വാസനകളെ അനുഭവിക്കാനും നിയന്ത്രിക്കുവാനും തടഞ്ഞുനിർത്തുവാനുമുള്ള കഴിവ് ഇഗോയ്ക്കുണ്ട്. സൂപ്പർ ഇഗോ എന്നത് ഒരാളുടെ ബാഹ്യമായ വ്യക്തിത്വമാണ്. അതായത് മനസ്സ് വ്യാപരിക്കുന്ന മണ്ഡലം. ഇഡ് ആത്മനിഷ്ഠമായ മനസ്സിൽനിന്നും സൂപ്പർ ഇഗോ വ്യക്തിനിഷ്ഠമായ മനസ്സിൽനിന്നും ഉത്ഭവിക്കുന്നു. ആത്മനിഷ്ഠതക്കും വസ്തുനിഷ്ഠതക്കും ഇടയിലുള്ളതാണ് ഇഗോ. ഒരു വ്യക്തിയുടെ സാംസ്കാരികവും സാമൂഹികവുമായ ഇടത്തെ വാർത്തെടുക്കുന്നത് സൂപ്പർ ഇഗോയാണ്. അതിനുവേണ്ടി മനസ്സിലെ ചോദനകളെ നിയന്ത്രിക്കുന്നതും നിലനിർത്തുന്നതും ഇഗോയാണ്. ഫ്രോയിഡ് പ്രതിപാദിക്കുന്ന ഇഗോ കണ്ണാടിയിൽ പ്രതിഫലിക്കുന്ന 'അഹം' അല്ലെങ്കിൽ 'ഞാൻ' എന്ന വ്യക്തിസത്തയെ രൂപപ്പെടുത്തുകയും സ്വയം തിരിച്ചറിവിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

മനസ്സിന്റെ എല്ലാ വ്യാപാരങ്ങളും ആവിർഭവിക്കുന്ന വ്യക്തിമനസ്സിന്റെ കേന്ദ്രബിന്ദുവിനെ ഇഡ് എന്ന് ഫ്രോയിഡ് വിളിച്ചു. യുങ് ഇതിനെ ആത്മസത്ത എന്നു വിളിക്കുന്നു. ഈ ആത്മസത്ത

കുടികൊള്ളുന്നത് സഞ്ചിതാവബോധത്തിൽ (Collective Unconscious) ആണെന്ന് യുങ്ങ് പറയുന്നു. ഇതുതന്നെയാണ് ഫ്രോയിഡ് പറയുന്ന അബോധമനസ്സ്. ഫ്രോയിഡിന്റെ അബോധമനസ്സ് വ്യക്തിപരമാണെങ്കിൽ യുങ്ങിന്റെ സഞ്ചിതാവബോധം വ്യക്തിപരമല്ല. വ്യക്തിയ്ക്കതീതമായ ഒരു നിലനില്പ് അതിനുണ്ട്. "ചരിത്രാതീതകാലം തുടങ്ങി അല്ലെങ്കിൽ മനുഷ്യോൽപ്പത്തി മുതൽ ഒരു ജീവി എന്ന നിലയിൽ മാനവരാശി ആർജ്ജിച്ച എല്ലാ ബോധാബോധ വ്യാപാരങ്ങളുടെയും ആവാസമായ അബോധപ്രജ്ഞയാണ് സഞ്ചിതാവബോധം."[3] ഇഗോയോട് ചേർന്നു നിൽക്കുന്ന ഘടകമാണ് വ്യക്തിയുടെ അബോധമനസ്സ്. എന്നാൽ ബോധമനസ്സിൽ നടക്കുന്നത് ഓർമ്മകൾ, ചിന്തകൾ, വികാരവിചാരങ്ങൾ, അനുഭവങ്ങൾ തുടങ്ങിയ വ്യാപാരങ്ങളാണ്. എപ്പോഴെങ്കിലുമൊരിക്കൽ ബോധമനസ്സിൽ അടിച്ചമർത്തപ്പെട്ടതോ വേണ്ടത്ര ശ്രദ്ധിക്കാതെ വിട്ടതോ ആയ കാര്യങ്ങൾ വ്യക്തി അറിയാതെതന്നെ അവന്റെ അബോധമനസ്സിൽ അടിഞ്ഞുകിടക്കുന്നു. ഇവ ഇടയ്ക്കിടെ ബോധമനസ്സിലേയ്ക്ക് കയറിവരികയും അബോധമനസ്സിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്യുന്നു. തന്റെ അനുഭവങ്ങളുടെയോ, ചിന്തകളുടെയോ, കാഴ്ചപ്പാടുകളുടെയോ ഭാഗമായി സ്ഥിരമായി ചില ധാരണകൾ വ്യക്തിയുടെ അബോധമനസ്സിൽ രൂപപ്പെട്ടുകിടക്കുന്നു. ഇവ തന്റെ നിലനില്പിനെക്കുറിച്ചുള്ളതാകാം, ജീവിക്കുന്ന സമൂഹത്തെക്കുറിച്ചുള്ളതാകാം.

സമൂഹം ഓരോ വ്യക്തിക്കും സന്തോഷപ്രദവും അല്ലാത്തതുമായ നിരവധി അനുഭവങ്ങൾ നല്കുന്നു. ഇവ അബോധമനസ്സിൽ ചില ധാരണകളായി രൂപം പ്രാപിക്കുന്നു. ബാഹ്യമായ ഏതു കാര്യത്തെയും ധാരണകളുടെ അടിസ്ഥാനത്തിലാണ് മനസ്സു സ്വീകരിക്കുന്നത്. ഇവ വ്യക്തിയുടെ നേരിട്ടനുഭവത്തിൽ നിന്നുണ്ടായതാകാം അല്ലെങ്കിൽ സമൂഹത്തിന്റെ കാഴ്ചപ്പാടാകാം. ഈ ധാരണകളാണ് ഒരു വ്യക്തിയെ തന്നിലേക്കുതന്നെ ഉൾവലിയാൻ പ്രേരിപ്പിക്കുന്നത്. വ്യക്തിയുടെ അബോധമനസ്സും ബോധമനസ്സുമായി ബന്ധപ്പെട്ടു കിടക്കുന്ന വളരെ ശക്തമായ ഒരു മേഖലയാണ് സഞ്ചിതാവബോധം. ഇതിനെ ആത്മസത്തയെന്നാണ് യുങ്ങ് വിശേഷിപ്പിക്കുന്നത്. ഈ ആത്മസത്തയെ വേണ്ടവിധം പരിപാലിക്കുകയും ആത്മസാക്ഷാത്കാരത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് ഒരു ജീവിയുടെ ആത്യന്തികലക്ഷ്യം എന്ന് യുങ്ങ് കരുതുന്നു. മനസ്സിലുണ്ടാകുന്ന വൈരുദ്ധ്യങ്ങളെ ഒരു സന്തുലിതാവസ്ഥയിൽ എത്തിച്ച് 'ഞാൻ ആരാണ്?', 'എന്താണ്?' എന്ന് സ്വയം തിരിച്ചറിയുന്നതാണ് യുങ്ങിന്റെ അഭിപ്രായത്തിൽ ആത്മസാക്ഷാതാകാരത്തിലേക്കുള്ള വഴി.

എന്നാൽ, ഈ ആത്മസാക്ഷാത്കാരത്തിനപ്പുറത്തേക്ക് സമൂഹത്തിൽ സവർണ്ണാവർണ്ണ വ്യത്യാസം നിലനില്ക്കുന്നത് എന്തുകൊണ്ടാണ് എന്നതിനുള്ള ഉത്തരമാണ് തന്റെ 'കണ്ണാടിഘട്ടം' എന്ന സിദ്ധാന്തത്തിലൂടെ ലകാൻ അവതരിപ്പിക്കുന്നത്. ഇഗോ എന്ന വ്യക്തിസത്തയാണ് ലകാൻ തന്റെ സിദ്ധാന്തത്തിൽ 'അഹം' അല്ലെങ്കിൽ 'ഞാൻ' എന്നതുകൊണ്ട് വ്യവഹരിക്കുന്നത്. ഇഡിൽ ഉണരുന്ന വികാരവിചാരങ്ങളെ (ആന്തരിക ചോദനകളെ) പ്രവർത്തിപഥത്തിലേക്ക് എത്തിക്കുവാൻ സൂപ്പർ ഇഗോയെ സഹായിക്കുന്നത് ഇഗോയാണ്. കണ്ണാടി പ്രതിഫലിപ്പിക്കുന്നത് ഒരു വ്യക്തിയുടെ ബാഹ്യമായ രൂപവും മാനസികമായ വളർച്ചയും മാത്രമല്ല; അവയുടെ പരസ്പരമുള്ള പൂരകത്വം കൂടിയാണ്. മനുഷ്യൻ തന്റെ സ്വത്വം തിരിച്ചറിയുന്നത് തന്റെ പ്രതിബിംബം ദർശിക്കുന്നതിലൂടെയാണ്. ഒരു കുഞ്ഞിൽ ആറുമാസത്തിൽ തുടങ്ങി ഒന്നരവയസ്സിൽ അവസാനിക്കുന്ന ആത്മനിഷ്ഠമായ വളർച്ചയുടെ കാലമാണ് 'കണ്ണാടിഘട്ടം' എന്നതുകൊണ്ട് ലകാൻ ഉദ്ദേശിക്കുന്നത്. കണ്ണാടിയിൽ തന്റെ പ്രതിരൂപം കാണുന്നതുമുതൽ ഒരു കുഞ്ഞ് തന്നെ ശ്രദ്ധിക്കുവാൻ തുടങ്ങുന്നു. ആ രൂപം കുട്ടിയിൽ ആകാംക്ഷയും താല്പര്യവും ഉണർത്തുന്നു. വളരുംതോറും കണ്ണാടിയിൽ കാണുന്ന തന്റെ രൂപത്തിൽ ഉണ്ടാകുന്ന മാററങ്ങളെ നിരീക്ഷിക്കുവാൻ തുടങ്ങുകയും പിന്നീട് ഇത് 'ഞാൻ' തന്നെയാണ് എന്ന തിരിച്ചറിവിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. തന്നെ വ്യക്തമായി തിരിച്ചറിയാൻ ചാഞ്ഞും ചരിഞ്ഞും വിവിധ കോണുകളിൽ കൂടി അവൾ/അവൻ കണ്ണാടിയെ സമീപിക്കുന്നു. തന്നെ മനസ്സിലാക്കുന്നതോടൊപ്പംതന്നെ ബാഹ്യലോകത്തെക്കുറിച്ചും അവയും താനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ചിന്തിക്കുന്നു.

തന്റെ ഉപബോധമനസ്സിൽ (സൂപ്പർ ഇഗോ) രൂപപ്പെടുന്ന ചിത്രങ്ങളെ ബാഹ്യലോകത്തുനിന്നും സ്വരൂപിക്കുന്ന അറിവുകളുമായി ബന്ധപ്പെടുത്തുന്നു. ഫ്രോയിഡ് സൂചിപ്പിക്കുന്ന നാർസിസിസം (സ്വയം ആരാധന) എന്ന തലത്തിലേക്ക് കുഞ്ഞ് എത്തിച്ചേരുന്നു. 'അഹം' മാത്രമല്ല ഒരു കുഞ്ഞ് ജീവിക്കുന്ന ചുറ്റുപാടുകളും വ്യക്തിത്വവികാസത്തിന്റെ ഭാഗമായി മാറുന്നു. ഒരു കുഞ്ഞിന് ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ ഭക്ഷണം കഴിക്കുക, എഴുന്നേല്ക്കുക തുടങ്ങിയ അടിസ്ഥാനപരമായ പ്രവർത്തികൾ സ്വയം ചെയ്യാൻ സാധ്യമല്ല. നിലനില്പിനുവേണ്ടി അവൾക്ക്/അവന് മററുള്ളവരുടെ സഹായം തേടേണ്ടി വരുന്നു. വളർന്നു വരുംതോറും ഇഡിൽ അടിച്ചമർത്തിവെച്ചിട്ടുള്ള തന്റെ കഴിവില്ലായ്മയെക്കുറിച്ചുള്ള ബോധം ബോധമനസ്സിൽ ഉയരുകയും ബാഹ്യമായ ഇടപെടലുകൾ ഇല്ലെങ്കിൽ തനിക്ക് നിലനില്ക്കുവാൻ സാധിക്കുകയില്ല എന്ന

അപകർഷതാബോധത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ജീവിതാവസാനം വരെ 'ഞാൻ' സ്വയം പര്യാപ്തനല്ല എന്ന തോന്നൽ അവനെ പിന്തുടരുന്നു. വ്യക്തിത്വവികാസത്തിന്റെ ഓരോ ഘട്ടത്തിലും ഇഗോയിൽ അടിച്ചമർത്തപ്പെടുന്ന വികാരങ്ങൾ സമൂഹത്തിന്റെ മുൻനിരയിലേക്ക് വരാതിരിക്കാൻ അവനെ പ്രേരിപ്പിക്കുന്നു.

വ്യക്തിസത്തയെക്കുറിച്ചുള്ള ബോധം ചിലപ്പോഴൊക്കെ തന്റെ ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി തന്നിലേക്കുതന്നെ ഉൾവലിയാനുള്ള ഒരു പ്രേരണ വ്യക്തിയിലുണ്ടാക്കുന്നു. സമൂഹത്തിൽ സവർണ്ണനെയും അവർണ്ണനെയും വേർതിരിച്ചു നിർത്തുന്ന ഘടകം ഉൾവലിയാനുള്ള വ്യക്തിയുടെ 'അഹം' തന്നെയാണ്. കണ്ണാടിയിൽ പ്രതിഫലിക്കുന്ന വസ്തുനിഷ്ഠമായ ബാഹ്യരൂപത്തെമാത്രം ശ്രദ്ധിക്കുന്ന ഒരു അവർണ്ണനിൽ തന്റെ കുലവും നിറവും സമൂഹത്തിന്റെ പൊതുധാരയിൽനിന്നു മാററി നിർത്തപ്പെടേണ്ടതാണെന്ന ധാരണ സൃഷ്ടിക്കുന്നു.

കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന സവർണ്ണാധിപത്യത്തിനും അനാചാരങ്ങൾക്കുമെതിരെ അവർണ്ണനെ തന്റെ സ്വത്വബോധത്തിലേക്ക് ഉണർത്താനും 'ഞാൻ' എന്ന വ്യക്തി മററുള്ളവരെപ്പോലെ തന്നെയാണെന്ന് അവർണ്ണനെ ബോധ്യപ്പെടുത്താനും ആണ് വൈകുണ്ഠസ്വാമികളും നാരായാണഗുരുവും കണ്ണാടിപ്രതിഷ്ഠ നടത്തിയത്. കണ്ണാടിക്കുമുമ്പിൽ താമരപ്പൂവും അതിനുമുകളിൽ ദീപവും കത്തിച്ചുവെച്ചുകൊണ്ടായിരിക്കണം ആരാധന നടത്തേണ്ടത് എന്ന് സ്വാമികൾ നിഷ്കർഷിച്ചു. ആ സമയത്ത് ഭക്തന്മാർ കുളിച്ച് ശുദ്ധമായി തലക്കെട്ടോ, തലപ്പാവോ ധരിച്ചിരിക്കണം. അവർണ്ണർക്ക് തലക്കെട്ട് ധരിക്കാൻ അവകാശമില്ലാതിരുന്ന ഒരു കാലത്താണ് സ്വാമികൾ ഇത്തരത്തിലൊരു ആരാധനാരീതി വികസിപ്പിച്ചെടുത്തത്. തലക്കെട്ടുമായി കണ്ണാടിക്കുമുമ്പിൽ നിന്നു വണങ്ങുമ്പോൾ ആത്മബോധവും ആത്മാഭിമാനവുമുള്ള പുതിയൊരു സ്വത്വബോധത്തിലേക്ക് ഉണരുവാൻ അവർണ്ണർക്ക് കഴിയുമെന്ന് സ്വാമികൾ വിശ്വസിച്ചു. സ്വാമികൾക്കുശേഷം സവർണ്ണ മേൽക്കോയ്മയെയും അവരുടെ മതസങ്കല്പത്തെയും വെല്ലുവിളിച്ചുകൊണ്ട് ഈ കണ്ണാടി പ്രതിഷ്ഠയെ പിൽക്കാലത്ത് നാരായണഗുരു ശക്തമായ ഒരു ആരാധനാരീതിയായി മാററിയെടുത്തു.

ഫ്രോയിഡ്, യുങ്ങ്, ലകാൻ എന്നിവരുടെ മനഃശാസ്ത്രസിദ്ധാന്തത്തിൽ സൂചിപ്പിക്കുന്ന വ്യക്തിസത്ത, ആത്മസത്ത, അഹം എന്നിവ സ്വത്വാവബോധത്തിന്റെ കേന്ദ്രമാണ്, ഈ അവബോധമാണ് കണ്ണാടിപ്രതിഷ്ഠയുടെ തത്ത്വവും.

## ഉപസംഹാരം

ഈശ്വരൻ സർവ്വവ്യാപിയും സർവ്വചരാചരങ്ങളിലും കുടികൊള്ളുന്ന വനുമാണ്. ഈശ്വരനു സവർണ്ണാവർണ്ണഭേദങ്ങളില്ല. ദൈവം കുടികൊള്ളുന്ന ക്ഷേത്രമാണ് മനുഷ്യശരീരം. ക്ഷേത്രപ്രവേശനത്തിനുള്ള അവകാശമില്ലാതിരുന്ന ഒരു ജനതയെ ശരീരം ക്ഷേത്രമാണെന്നും അതിനുള്ളിൽ ഈശ്വരനുണ്ട് എന്നുമുള്ള ബോധ്യപ്പെടുത്തൽ ഒരേ സമയം പ്രതിഷേധത്തിന്റെയും അദ്ധ്യാത്മിക സത്യത്തിന്റെയും വെളിപ്പെടുത്തലാണ്. കണ്ണാടിക്കു മുമ്പിലെത്തുന്ന ഭക്തർ കാണുന്നത് സ്വന്തം ശരീരത്തെയാണ്. അതിനെ കണ്ണാടിയിൽ നോക്കി കൈകൂപ്പി വണങ്ങുമ്പോൾ ദൈവം തന്നിൽ തന്നെയുണ്ട് എന്ന ആത്മബോധത്തെ സാക്ഷാത്കരിക്കുകയാണ് ചെയ്യുന്നത്. ഈ സാക്ഷാത്കാരത്തിന്റെ ഏറ്റവും മൂർത്തമായ നിലയാണ് അഹം ബ്രഹ്മാസ്മി, തത്ത്വമസി തുടങ്ങിയ വേദസാരങ്ങൾ. ഞാനും നീയും ഒന്നുതന്നെയാണ് എന്ന ചേർച്ച. അതിനാൽ മൃഗീയവും ആന്തരികവുമായ പ്രാകൃതവാസനകളെ തിരിച്ചറിഞ്ഞ് അവയെ സ്വയം ശുദ്ധീകരിച്ച് പരമമായ ആത്മസാക്ഷാത്കാരത്തിലേക്ക് എത്തിച്ചേരുവാൻ കണ്ണാടി പര്യാപ്തമാകും എന്നു വിവക്ഷ.

## കുറിപ്പുകൾ

1. സുരേന്ദ്രൻ. വി.യു., കേരളീയ നവോത്ഥാനം പ്രതിസന്ധികൾ വെല്ലുവിളികൾ, പുറം.10.
2. വിജയൻ. എം.എൻ., നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, വാല്യം - 2, പുറം. 1901-2.
3. ജയശങ്കർ പൊതുവത്ത്, യുങ്ങ്, പുറം.39.

## സഹായഗ്രന്ഥങ്ങൾ

1. ഗോപകുമാർ പി.എഫ്., കേരളീയ നവോത്ഥാനം
2. ജയശങ്കർ പൊതുവത്ത്, യുങ്ങ്
3. ജോയി ബാലൻ വ്ളാത്താങ്കര, വൈകുണ്ഠസ്വാമിയും സാമൂഹിക നവോത്ഥാനവും
4. ബാലകൃഷ്ണൻ. പി.കെ., നാരായണഗുരു
5. വിജയൻ. എം.എൻ., നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, വാല്യം - 2
6. സതീഷ് കിടാരക്കുഴി, വൈകുണ്ഠസ്വാമികൾ
7. സുരേന്ദ്രൻ.വി.യു., കേരളീയ നവോത്ഥാനം പ്രതിസന്ധികൾ വെല്ലുവിളികൾ.
8. Evans Dylan,An Introductory Dictionary of Lacanian Psychoanalysis.
9. Frued Sigmund,Interpretation of Dreams.